നിർമ്മാണത്തിന് KMML - ന്റെ വിഹിതമായ തനത് എസ്റ്റിമേറ്റിന്റെ 50% തുക, KMML-ന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സർക്കാരിലേക്ക് ഈടാക്കുന്നതാണ് എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അനുവദിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. ദേശീയ ജലപാത കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയും കൊല്ലം മുതൽ കോവളം/വിഴിഞ്ഞം വരെയും ദീർഘിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ ദീർഘിപ്പിക്കുന്നതിനാണ് ഇപ്പോൾ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

കോവളം-കൊല്ലം ജലപാത, സംസ്ഥാന ജലപാതയായിട്ടാണ് അംഗീകരിച്ചിട്ടുള്ളത്. പ്രസ്തുത ജലപാതയിൽ 13-ാം ധനകാര്യകമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയുടെ സഹായത്തോടെയുള്ള പുനരുദ്ധാരണ പ്രവൃത്തികളാണ് നടന്നുവരുന്നത്.

(സി) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി ഗതാഗതയോഗ്യമാകുന്ന മുറയ്ക്ക് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇത്തരം പദ്ധതികൾ പരിശോധിക്കാവുന്നതാണ്.

പാറമടകളുടെ പുനരുപയോഗം

8 (*218) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറമടകൾ ജലസംഭരണികളായി പുനരുപയോഗപ്പെടുത്തുന്ന പദ്ധതികളേതെങ്കിലും പരിഗണനയിലുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരം ജല സംഭരണികളിൽ ഉണ്ടാകുന്ന അപകടങ്ങളിൽപ്പെട്ടുള്ള ജീവഹാനി ക്രമാതീതമാകുന്ന സാഹചര്യത്തിൽ അവയുടെ പുനരുപയോഗ സാധ്യതകൾ പഠിച്ച് തുടർ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ&ബി) സാധ്യത പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly